# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3611

20.06.2018 - ൽ മറുപടിക്ക്

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ലേക്കുള്ള പ്രൊമോഷൻ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് ഒന്നിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ; | എ) | ഒരൊഴിവ് നിലവിലുണ്ട്. |
| ബി) | അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലുണ്ടായിരുന്ന ഈ തസ്തികയിലേക്കുള്ള പ്രൊമോഷൻ കേസുകളിൽ വിധി വന്നിട്ട് മാസങ്ങളായിട്ടും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ലേക്കുള്ള പ്രൊമോഷൻ നടത്താത്തത് എന്തു കൊണ്ടാണെന്ന് വിശദമാക്കുമോ; | ബി) | സീനിയോറിറ്റി തർക്കം സംബന്ധിച്ച് നിലനിന്നിരുന്ന കേസിൽ പുറപ്പെടുവിച്ച ബഹു. ഹൈക്കോടതി വിധിയെ സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ട സ്പഷ്ടീകരണം സർക്കാർ നൽകിയിരുന്നുവെങ്കിലും അത് പ്രകാരമുള്ള തുടർനടപടികൾ ഒ.എ.620/18 കേസിൽ 25.04.2018 ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഒരു ഇടക്കാല ഉത്തരവിലൂടെ സ്റ്റേ ചെയ്യുകയുണ്ടായി. ഈ കേസിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഇതുവരെ അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല. ആയതിനാലാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ലേക്കുള്ള പ്രൊമോഷന് കാലതാമസം നേരിടുന്നത്. |
| സി) | പ്രസ്തുത പ്രൊമോഷൻ നടത്താത്തത് മൂലം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് പി.എസ്.സി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; | സി) | ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നടത്തുന്നതുവഴി പ്രവേശന തസ്തികയായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ ഒഴിവുകൾ വരുന്നതാണ്. പ്രൊമോഷൻ നടക്കാത്ത കാരണത്താൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ ഒഴിവുകൾ വരുന്നില്ല. മറ്റ് രീതിയിൽ വരുന്ന ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി നിയമന ശുപാർശ നൽകി വരികയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) | അടിയന്തരമായി ജെ.എച്ച്.ഐ ഗ്രേഡ് ഒന്നിലേക്ക് പ്രൊമോഷൻ നൽകി, പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ? | ഡി) | ഒ.എ.620/2018 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അന്തിമവിധി വരുന്നതോടുകൂടി ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് ഉദ്യോഗകയറ്റം നൽകുവാനും തുടർന്ന് റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്ക് ഒഴിവിനനുസരിച്ച് ജോലി ലഭിക്കുകയും ചെയ്യുന്നതാണ്. |

Milan

സെക്ഷൻ ഓഫീസർ